31-10-2013-ന് സേവനത്തിൽനിന്നും വിരമിച്ചു. ടിയാനെതിരെ KSR Part III ചട്ടം 3(ബി) പ്രകാരം നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ടിയാന്റെ പെൻഷനിൽ നിന്നും 500 രൂപ വീതം സ്ഥിരമായി കുറവ് ചെയ്യുന്നതിന് താത്ക്കാലികമായി തീരുമാനിച്ച് 6-5-2014-ലെ 66371/ഇ.പി.ബി2/13/ത.സ്വ.ഭ.വ. പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുണ്ട്. ടി വിഷയത്തിൽ പള്ളിച്ചൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. കെ. രാകേഷ്, സെക്രട്ടറിമാരായിരുന്ന ശ്രീ. ആൽബർട്ട്, ശ്രീ. നോയൽ രാജ്, വില്ലേജ് ആഫീസർ ശ്രീ. അജയകുമാർ, ജില്ലാ ജിയോളജിസ്റ്റ് ശ്രീ. ആർ. ഗോപകുമാർ എന്നിവർക്കെതിരെ VC3/2014/SIV-II പ്രകാരം വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

കോഴിക്കോട് ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ചെലവ്

230 (4273) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 2014-15 വർഷത്തെ പ്ലാൻ എക്സ്പെൻഡിച്ചർ എത്രയെന്നും അതിന്റെ ശതമാനവും പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ ;

(ബി) മുൻ വർഷത്തെക്കാളും പഞ്ചായത്തുകളിൽ എത്ര ശതമാനമാണ് പദ്ധതി ചെലവിന് കുറവ് സംഭവിച്ചതെന്ന് വ്യക്തമാക്കാമോ ;

(സി) 2015-16 വർഷത്തേക്കുള്ള പദ്ധതികളുടെ പുരോഗതി വിശദമാക്കാമോ ; പ്രസ്തുത ജില്ലയിൽ പദ്ധതിയാവിഷ്കരണത്തിനായുള്ള ജില്ലാതല യോഗം എത്രതവണ ചേർന്നിട്ടുണ്ടെന്നു വിശദമാക്കാമോ ;

(ഡി) കൊയിലാണ്ടി മണ്ഡലത്തിലെ ഏതെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഏതെല്ലാം പദ്ധതികൾ അംഗീകരിച്ചുവെന്നു വ്യക്തമാക്കാമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

കുടുംബശ്രീയുടെ കണക്കുകൾ സൂക്ഷിക്കുന്ന അക്കൗണ്ടന്റുമാരുടെ സേവനം

231 (4274) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) കുടുംബശ്രീയുടെ വരവ് ചെലവ് കണക്കുകൾ സൂക്ഷിക്കാൻ സംസ്ഥാനത്ത് നിലവിൽ എത്ര അക്കൗണ്ടന്റുമാർ നിലവിലുണ്ട് ; ഇവരുടെ സേവനം അവസാനിപ്പിക്കാനോ ഇവരെ പിരിച്ചുവിടാനോ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) ഇവരെ ഒഴിവാക്കിയാൽ പകരം എന്ത് സംവിധാനമാണ് ഏർപ്പെടുത്താൻ പോകുന്നതെന്ന് വിശദമാക്കുമോ ;

(ഡി) ഈ പ്രവർത്തനങ്ങൾ സ്വകാര്യ സ്ഥാപനങ്ങളെ ഏൽപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) കുടുംബശ്രീയുടെ വരവുചെലവ് കണക്കുകൾ സൂക്ഷിക്കാൻ സംസ്ഥാനത്ത് നിലവിൽ കരാർ അടിസ്ഥാനത്തിൽ നിയമിതരായ 1072 കുടുംബശ്രീ സി.ഡി.എസ്. അക്കൗണ്ടന്റുമാർ ഉണ്ട്. ഇവരുടെ സേവനം അവസാനിപ്പിക്കാനോ പിരിച്ചുവിടുന്നതിനോ തീരുമാനിച്ചിട്ടില്ല.

(ഡി) ഈ പ്രവർത്തനങ്ങൾ സ്വകാര്യ സ്ഥാപനങ്ങളെ ഏൽപ്പിക്കുവാൻ തിരുമാനിച്ചിട്ടില്ല

വെള്ളിയാംപറമ്പ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ വർക്ക്ഷെഡ് നിർമ്മാണം

232 (4275) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മട്ടന്നൂർ നിയോജകമണ്ഡലം എം.എൽ.എ.-യുടെ ആസ്തിവികസന പദ്ധതിയിൽ ഉൾപ്പെടുത്തി കീഴല്ലൂർ ഗ്രാമപഞ്ചായത്തിലെ വെള്ളിയാംപറമ്പ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ വർക്ക് ഷെഡ് നിർമ്മാണത്തിനുള്ള ഭരണാനുമതി ലഭിച്ചത് എന്നാണ് ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ടെൻഡർ നടപടികൾ ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 24-7-2014-ലെ ജി.ഒ.(ആർ.ടി.) നമ്പർ 1938/2014/ത.സ്വ.ഭ.വ. പ്രകാരം വെള്ളിയാംപറമ്പ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ വർക്ക്ഷെഡ് നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly